(ബി) (1) തളിപ്പറമ്പ് റെയിഞ്ച്-ആസ്ഥാനം-പുളിമ്പറമ്പ്
(2) കണ്ണവം റെയിഞ്ച്- ആസ്ഥാനം-കണ്ണവം
(3) കൊട്ടിയൂർ റെയിഞ്ച്- ആസ്ഥാനം-ഇടയാർ
(4) ആറളം- ആസ്ഥാനം-വളയഞ്ചാൽ

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി)

ഫോറസ്റ്റ് റെയിഞ്ചർ	..	1
ഡെപ്യൂട്ടി റെയിഞ്ചർ	..	1
ഫോറസ്റ്റർ	..	5
ക്ലാർക്ക്	..	2
പ്യൂൺ	..	1
ഫോറസ്റ്റ് ഗാർഡ്	..	12
റിസർവ്വ് ഫോറസ്റ്റ് വാച്ചർ	..	2
പാർട്ട് ടൈം സ്വീപ്പർ	..	1

റിസർവ്വ് ഫോറസ്റ്റ് വാച്ചറുടെ രണ്ടു ഒഴിവുകൾ നിലവിലുണ്ട്.

വനംവകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനം

70 [3933] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനംവകുപ്പിൽ എത്ര അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക ഒഴിഞ്ഞു കിടക്കുന്നു എന്നു വെളിപ്പെടുത്തുമോ;

(ബി) പ്രൊബേഷൻ കഴിയാത്ത സീനിയർ സൂപ്രണ്ടുമാരുടെ കുറവുമൂലം ആണോ ഇപ്രകാരം ഒഴിവുവന്നത് എന്നു വ്യക്തമാക്കുമോ;

(സി) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷനു വേണ്ടി ഡി. പി. സി. അംഗീകരിച്ച എത്ര സീനിയർ സൂപ്രണ്ടുമാർ ഇപ്പോൾ ഉണ്ട് എന്നറിയിക്കാമോ;

(ഡി) ഇവർക്ക് അടിയന്തിരമായി പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനംവകുപ്പിൽ പന്ത്രണ്ട് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകൾ ഉള്ളതിൽ അഞ്ചു തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

(ബി) പ്രൊബേഷൻ പൂർത്തിയാക്കിയ സീനിയർ സൂപ്രണ്ടുമാരുടെ അഭാവം മൂലമാണ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷനു വേണ്ടി ഡി. പി. സി. അംഗീകരിച്ച സീനിയർ സൂപ്രണ്ടുമാരൊന്നുംതന്നെ പ്രൊമോഷൻ ലഭിക്കാതെ നിലവിലില്ല.

(ഡി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

വാഗമൺ മേഖലയിലെ വനേതര പ്രവർത്തനങ്ങൾ

71 [3934] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*
ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. എ. ചന്ദ്രൻ:
„ *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺമേലെ വനപ്രദേശമാണോ;

(ബി) എങ്കിൽ അവിടെ വനേതര പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണോ;

(സി) വാഗമൺ പ്രദേശത്ത് ടൂറിസ്റ്റ് റിസോർട്ടുകൾ പടുത്തുയർത്തിയവർ അതിനുള്ള അനുമതി കേന്ദ്ര ഗവൺമെന്റിൽ നിന്നും നേടിയിട്ടുണ്ടോ;

(ഡി) മീനച്ചിലാറിന്റെ ഉത്ഭവ സ്ഥാനത്ത് നീരൊഴുക്ക് തടഞ്ഞ് കൃത്രിമ തടാകം സൃഷ്ടിച്ചിട്ടുണ്ടോ;

(ഇ) ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ?

ഉത്തരം

(എ) വാഗമൺമേലെയുടെ നിയമപരമായ സ്റ്റാറ്റസ് റവന്യൂ ഭൂമിയാണ്. ഇവിടെ വനം വകുപ്പിന് കൈമാറിയിട്ടുള്ള 440 ഹെക്ടറിൽ വനം വകുപ്പ് ബദൽ വനവൽക്കരണം നടത്തിയിട്ടുണ്ട്. റിട്ട് പെറ്റീഷൻ (സിവിൽ) 202/95-ൽ ബഹു. സുപ്രീം കോടതി നൽകിയ ഉത്തരവുകളുടെ വെളിച്ചത്തിൽ വനം വകുപ്പിന്റെ കൈവശത്തിലുള്ള 440 ഹെക്ടർ സ്ഥലത്തിന്റെ സ്റ്റാറ്റസ് റിസർവ്വ് ഫോറസ്റ്റിന് തുല്യമായി കരുതാവുന്നതാണ്. എന്നാൽ ഇവിടം റിസർവ് വനമേലെയായി പ്രഖ്യാപിച്ചിട്ടില്ല.

(ബി) ആവശ്യമാണ്.

(സി) വനം വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

(ഡി) വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് കൃത്രിമ തടാകം നിർമ്മിച്ചിട്ടില്ല.

(ഇ) 'ഡി' യുടെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly